# Indian Association of Clinical Psychologists
## Kerala Region

Registered as per Travancore Cochin Scientific Literacy Act 12 of 1955
Reg No. ER 199/10

**President**

Dr. Sany Varghese
9495106704
sanyphilip@yahoo.com

**Vice-Presidents**

A. Sreelal
Sharikka Sham
A.G. George
Jomon K George
Mahesh M M

**General Secretary**

Dr Gitanjali Natarajan
Asso.Prof & HOD
Clinical Psychology Dept
AIMS, Kochi 682041
9895477660

**Joint Secretary**

N. Vipin Chandra Lal
V. S. Dhanya

**Treasurer**

Barsleeby Alex Daniel

**Executive members**

Dr. E. D. Joseph
Dr. Satheesh Nair
Dr K.V.Anoop Kumar
S.S. Sarath
Soney Thomas Olickan

*പത്രക്കുറിപ്പ്* *28.09.2017*

## പുകയില വിമുക്ത വിദ്യാഭ്യാസസ്ഥാപനങ്ങളെ ബ്രാൻഡായി വികസിപ്പിക്കണമെന്ന് മന:ശാസ്ത്രജ്ഞർ

തിരുവനന്തപുരം : പുകയിലവിമുക്ത വിദ്യാഭ്യാസസ്ഥാപനങ്ങളെ ബ്രാൻഡുകളായി വികസിപ്പിക്കാനും പ്രചരിപ്പിക്കാനും സംസ്ഥാന സർക്കാരിനോട് മന:ശാസ്ത്രജ്ഞരുടെ സംഘടനയായ ഇന്ത്യൻ അസോസിയേഷൻ ഓഫ് ക്ലിനിക്കൽ സൈക്കോളജിസ്റ്റ്സ് (ഐഎസിപി) ആവശ്യപ്പെട്ടു.

ചെറുപ്രായത്തിൽതന്നെ മക്കൾ പുകവലി ശീലത്തിന അടിപ്പെടുമെന്ന ഭയമില്ലാതെ മാതാപിതാക്കൾക്ക് കുട്ടികളെ വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്ക് അയക്കാൻ സാധിക്കണമെന്നും അവർ പറഞ്ഞു.

അടുത്തിടെ പ്രസിദ്ധീകരിച്ച 'ഗ്ലോബൽ ബർഡൻ ഓഫ് ഡിസീസ്' സ്റ്റഡി 2016ൽ 70.1 ലക്ഷം പേരുടെ മരണത്തിന പുകവലി ശീലം കാരണമായതായി പറയുന്നുണ്ട്. ഈ സാഹചര്യത്തിൽ, പുകയില വിരുദ്ധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന ഒരു ബ്രാൻഡ് സ്ഥാപിക്കുന്നതിലൂടെ ലോകത്തിന മാതൃകയാകാൻ കേരളത്തിന കഴിയുമെന്നാണ് അറുനൂറിലേറെ അംഗങ്ങളുള്ള ഐഎസിപി-കേരളയുടെ വിശ്വാസം. ഈ മേഖലയിൽ പ്രവർത്തിക്കുന്നവരും നിയമങ്ങൾ നടപ്പാക്കുന്നവരും പല നടപടികളും സംയോജിപ്പിച്ച് മുന്നോട്ടുപോയാൽ പൊതുജനാരോഗ്യത്തിന സൗഹാർദ്ദപരമായ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്ന് സംഘടന കരുതുന്നു.

Address for Communication:
Dr. Gitanjali Natarajan, Dept of Clinical Psychology, Amrita Institute of Medical Sciences, Ponekkara, Kochi, Kerala 682041
gitanjalin@amis.amrita.edu

പുകയില ഉപയോഗത്തിന് അടിപ്പെടുന്നതിലൂടെ വഴിതെറ്റിപ്പോകുന്ന കുട്ടികളെ ക്ലിനിക്കൽ പ്രാക്ടീസിൽ ദിവസവും കണ്ടുവരുന്നതായി  അസോസിയേഷൻ പ്രസിഡന്റ് ഡോ. സാനി വർഗീസ് പറഞ്ഞു. കുറ്റവാസനകളും ആത്മഹത്യാപ്രവണതകളും പോലും ചില വിദ്യാർഥികളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം പുകയില ഉത്പ്പന്നങ്ങൾ വിൽക്കുന്ന കടകളുടെ ലൈസൻസുകൾ റദ്ദ് ചെയ്യേണ്ടതുണ്ടെന്നും ഡോ. സാനി ചൂണ്ടിക്കാട്ടി.

മാതാപിതാക്കളുടെയും അധ്യാപകരുടെയും അറിവില്ലാതെ പുകയില ഉത്പ്പന്നങ്ങൾ സ്കൂളിലേക്ക് കൊണ്ടുവരുന്നതായി കുട്ടികൾ പറഞ്ഞിട്ടുണ്ടെന്ന് അസോസിയേഷൻ സെക്രട്ടറി ഡോ. ഗീതാഞ്ജലി നടരാജൻ പറഞ്ഞു. ഒഴിവുസമയം വിനോദകരമായി ചെലവിടാനുള്ള ഒരു മാർഗം എന്ന നിലയിൽ തുടങ്ങുന്ന ശീലം പലപ്പോഴും ബാല്യകാലത്തെ  വർഷങ്ങൾ നഷ്ടമാകുന്നതിലും രോഗങ്ങളിലും കലാശിക്കുമെന്ന് അവർ പറഞ്ഞു.

വിദ്യാർഥികൾ അവരുടെ പോക്കറ്റ് മണി എങ്ങനെ ചെലവിട്ടു എന്ന് അന്വേഷിക്കുന്ന ശീലം രക്ഷിതാക്കൾ വളർത്തിയെടുക്കണമെന്ന് ഐഎസിപി മുൻ പ്രസിഡന്റും ഗവ. ക്ലിനിക്കൽ സൈക്കോളജിസ്റ്റ്സ് അസോസിയേഷൻ പ്രസിഡന്റുമായ ഡോ. എസ്. സതീഷ് നായർ പറഞ്ഞു. പുകയിലജന്യ ദോഷങ്ങൾ ആജീവനാന്ത ബാധ്യതകളാകുന്നതുകൊണ്ട് രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും ഭാവി സുരക്ഷിതമാകണമെങ്കിൽ  പുകയില വിമുക്ത വിദ്യാഭ്യാസസ്ഥാപനങ്ങൾ അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

പുകയില ശീലത്തിന് അടമിപ്പെട്ട വിദ്യാർഥികളെ  കൗൺസിലിംഗിനു വിധേയമാക്കാൻ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് അസോസിയേഷൻ സഹായവാഗ്ദാനവും നൽകുന്നുണ്ട്.